ത്തേണ്ടതുണ്ട്. ടികൾ പൊതുവായി നടപ്പാക്കുന്നതിനുള്ള ചുമതല ജില്ലാ മജിസ്ട്രേട്ട് അഥവാ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ എന്നിവരിൽ നിക്ഷിപ്ത മാണ്. സ്റ്റേറ്റ്/സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡുകൾക്കും ഇത് സംബന്ധിച്ച പ്രത്യേക ചുമതലകൾ നിഷ്കർഷിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ടി ചട്ടത്തോടനുബന്ധിച്ചുള്ള ഷെഡ്യൂളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ നഗരസഭകൾ ഏർപ്പെടുത്തേണ്ടതാണ്.

(ഡി) പൂർണ്ണമായും പര്യാപ്തമല്ല.

(ഇ)&(എഫ്) പുനരുപയോഗത്തിന് സാദ്ധ്യമായ പാഴ്വസ്തുക്കളും ജീർണ്ണിക്കുന്ന പാഴ്വസ്തുക്കളും ഉത്ഭവസ്ഥലത്ത് വച്ചുതന്നെ പ്രത്യേകം തരംതിരിച്ച് ശേഖരിക്കുന്നതിനും, നീക്കം ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ചപ്പുചവറുകളിൽനിന്ന് ജൈവവളം ഉല്പാദിപ്പിച്ച് മാലിന്യം സംസ്ക്കരിക്കുന്ന രീതിയാണ് ഫലപ്രദമായിട്ടുള്ളത്. നഗരഖരമാലിന്യങ്ങൾ പ്രത്യേകം തരംതിരിച്ച് അനുയോജ്യമായ സംഭരണികളിൽ ശേഖരിക്കുകയും നീക്കംചെയ്യുകയും ചെയ്യുന്നപക്ഷം അന്തരീക്ഷ മലിനീകരണം ഒരു പരിധിവരെ ഒഴിവാക്കുവാൻ സാധിക്കും.

217 (283) നദികളിലെ മണലൂറ്റ് നിയന്ത്രിക്കാൻ നടപടി

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽനിന്നും മണൽ വാരുന്നത് തടയുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതി ഈയിടെ പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം മണൽവാരൽ നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മണൽവാരൽ സമ്പൂർണ്ണമായി നിയന്ത്രിക്കുന്നതിന് സമഗ്രമായൊരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അനധികൃത മണലൂറ്റ് തടയുന്നതിന്റെ ഭാഗമായി ഈ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരെയോ വാഹനങ്ങളെയോ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ഏതൊക്കെ നദികളിലാണ് ഇപ്പോൾ പുതുതായി മണലൂറ്റ് നിയന്ത്രിക്കുന്നത്;

(എഫ്) ഇത്തരം നിയന്ത്രണം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) സർക്കാർ ഏറ്റെടുത്ത ഒമ്പത് പ്രധാന നദികളുടെ സംരക്ഷണത്തിനായി ഈ നദികളിൽനിന്നും നിയന്ത്രണങ്ങൾക്ക് വിധേയമായി മണലെടുക്കുന്നത് സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ സർക്കാരിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചൽ എന്നീ ഒമ്പത് നദികളിലാണ് മണലൂറ്റ് നിയന്ത്രിച്ചിരിക്കുന്നത്. കൂടാതെ ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് കോട്ടപ്പുഴ അഴിമുഖത്തുനിന്നും മണൽ നീക്കം ചെയ്യുന്നത് നിയന്ത്രിച്ചിട്ടുണ്ട്. പുതുതായി മറ്റ് നദികളിൽ മണലൂറ്റ് നിയന്ത്രിച്ചിട്ടില്ല.

(എഫ്) നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

218 (284) റീസർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന റീ സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് റീസർവേ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) റീസർവേ പൂർത്തിയാക്കാത്തതിനാൽ വർഷങ്ങളായി ഭൂമി ഉടമകൾക്ക് പട്ടയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് റീസർവേ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) റീസർവ്വേ നടപടി കുറ്റമറ്റതാക്കി നടത്താൻ സർവ്വേ ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക നിർദ്ദേശം നൽകുമോ; ഈ രംഗത്തുള്ള ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എഫ്) റീസർവ്വേ നടപടി പൂർത്തിയായ സ്ഥലങ്ങളിൽ വ്യാപകമായ പരാതി ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) റീസർവ്വേ സംബന്ധിച്ച പരാതികൾക്ക് തീർപ്പു കൽപ്പിക്കുന്നതിന് അദാലത്തുകൾ നടത്താൻ നടപടി സ്വീകരിക്കുമോ;

(എച്ച്) സംസ്ഥാനത്ത് റീസർവ്വേ നടപടി ഏതൊക്കെ ജില്ലകളിൽ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഐ) ഓരോ ജില്ലയിലും റീസർവ്വേ പൂർത്തിയാക്കുന്നതിന് സമയബന്ധിത പരിപാടി തയ്യാറാക്കുമോ;

(ജെ) റീസർവ്വേ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ ഭൂമി ഉടമകൾക്ക് അടിയന്തിരമായി പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ;

(കെ) റീസർവ്വേ സംബന്ധിച്ചുള്ള പരാതികൾ കേൾക്കുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 652 വില്ലേജുകളിൽ റീസർവ്വെ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly